**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **11-02-2025 - ൽ മറുപടിയ്ക്ക്**

**മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | രാമമംഗലം പഞ്ചായത്തിലെ മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ പ്രവർത്തനക്ഷമമല്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **രാമമംഗലം പഞ്ചായത്തിലെ മെതുപാറ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ പൂർണ്ണ തോതിൽ പ്രവർത്തിച്ച് വരുന്നുണ്ട്. പ്രസ്തുത സ്കീമിലുള്ള 125, 110,100, 75 എന്നീ എച്ച്.പി കപ്പാസിറ്റിയുള്ള മോട്ടോർ പമ്പ് സെറ്റുകൾ എല്ലാം പ്രവർത്തനക്ഷമമാണ്. പ്രസ്തുത സ്കീമിലെ വൈദ്യുതി ബന്ധം പുന:സ്ഥാപിച്ചിട്ടുള്ളതാണ്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച അവ്യക്തത പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10/10/2024-ൽ ചേർന്ന ഉന്നതതലയോഗത്തിന്റെ തീരുമാന പ്രകാരം വൈദ്യുതി കുടിശ്ശിക തീർപ്പാക്കിയിട്ടുള്ളതാണ്. 2024-25 പമ്പിംഗ് സീസൺ ആരംഭിച്ചത് മുതൽ കർഷകരുടെ ആവശ്യപ്രകാരം സമയബന്ധിതമായി പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരുന്നുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | **എ പിരിവിൽ ചേർത്തിരിക്കുന്നു** |
| (സി) | പദ്ധതി പ്രവർത്തനക്ഷമമല്ലാത്തത് കാരണം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | **എ പിരിവിൽ ചേർത്തിരിക്കുന്നു** |
| (ഡി) | പാടശേഖരത്തേക്ക് കാർഷികാവശ്യത്തിനായി ജലം എത്തിക്കുന്നതിന് മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | **എ പിരിവിൽ ചേർത്തിരിക്കുന്നു** |
| (ഇ) | വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് പ്രസ്തുത പ്രതിസന്ധിയ്ക്ക് കാരണമെന്ന് | (ഇ) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു** |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധികൾ പരിഹരിച്ച് കാർഷിക ആവശ്യത്തിന് ജലം എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ